LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ?

2021-22-ലേക്ക് Solid Liquid Waste Management in all Government Hospitals എന്ന പ്ലാൻ ഫണ്ടിലേയ്ക്ക് ഒരു കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 81 ലക്ഷം രൂപ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്ക് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും ബാക്കിയുള്ള 19 ലക്ഷം രൂപ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിലവിൽ നിർമ്മാണത്തിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വർക്ക് പൂർത്തീകരിക്കുന്നതിനും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(സി) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കോങ്ങാട് സി.എച്ച്.സി.യിലെ കിടത്തി ചികിത്സ

174 (1539) ശ്രീമതി ശാന്തകുമാരി കെ.: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് സി.എച്ച്.സി.-യിൽ സ്റ്റാഫുകളുടെ അപര്യാപ്തമൂലം കിടത്തി ചികിത്സ നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ നടത്തുന്നതിന് മാനദണ്ഡപ്രകാരം ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

&

(സി) ഈ ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 20-3-2020-ലെ സ.ഉ.(സാധാ) നമ്പർ619/2020/ആകുവ പ്രകാരം കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ആരോഗ്യ കേരളം (എൻ.എച്ച്.എം.) വഴി 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.